(1)	(2)	(3)
കോട്ടയം	10742	1094
ഇടുക്കി	10496	3433
എറണാകുളം	43248	3619
തൃശ്ശൂർ	30836	2278
പാലക്കാട്	28524	5742
മലപ്പുറം	25998	1221
കോഴിക്കോട്	9071	2575
വയനാട്	6611	690
കണ്ണൂർ	12184	11952
കാസർഗോഡ്	12184	16437
ആകെ	292014	67281

(ബി) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന അപേക്ഷകരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ എല്ലാതരം സർക്കാർ ഭൂമികളും പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നു. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന പ്രവർത്തനവും അവ സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനവും ജില്ലകളിൽ ഊർജ്ജിതമായി നടന്നുവരികയാണ്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

157(4788) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ഇപ്പോ[illegible]ണ്ടോ;

(ബി) തൃശ്ശൂർ-ചാവക്കാട് താലൂക്കുകളിൽ ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ കൈപ്പറ്റിയെന്നും, എത്ര ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം നടത്തിയെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(ബി) തൃശ്ശൂർ, ചാവക്കാട് താലൂക്കുകളിൽ നിന്ന് ലഭ്യമായ 15,002 അപേക്ഷകളിൽ നിന്നും 13161 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. 252 കുടുംബങ്ങൾക്ക് ഒന്നാം ഘട്ടമായി ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി

158(4789) ശ്രീ. കെ .രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സർക്കാർ ഇതേവരെ എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് പറയാമോ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരിൽ എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) സംസ്ഥാനത്താകെ ഭ്രരഹിതരായി സർക്കാർ കണ്ടെത്തിയത് എത്രപേരാണെന്നും അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്രപേരുണ്ടായിരുന്നുവെന്നും അവർക്കെല്ലാവർക്കും സർക്കാർ നൽകിയ ഉറപ്പനുസരിച്ച് ഭൂമി വിതരണം പൂർത്തിയാക്കാൻ എന്തുകൊണ്ട് സാധിച്ചില്ലെന്നും പറയാമോ;

(ഡി) ഭ്രരഹിതരായി സർക്കാർ കണ്ടെത്തിയ എല്ലാപേർക്കും എന്ന് ഭൂമി വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 36491 പേർക്ക് ഒന്നാം ഘട്ടത്തിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: